# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 458 | 26.04.2017 - ൽ മറുപടിയ്ക്ക് |

## സംസ്ഥാനത്ത് ജി.എസ്.റ്റി. നടപ്പിലാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.റ്റി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ; | (എ) | 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി (ജി.എസ്.റ്റി) നടപ്പിലാക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാർ SGST നിയമം പാസ്സാക്കേണ്ടതുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും, NIC യുടെ സഹകരണത്തോടെ ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ Model GST നിയമത്തെക്കുറിച്ച് വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം പൂർത്തിയായി വരുന്നു. സാങ്കേതിക പരിശീലനം മേയ് ആദ്യവാരം മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര ശതമാനം വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | 70 ശതമാനം വ്യാപാരികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | രജിസ്ട്രേഷനിൽ ഉണ്ടാകുന്ന കുറവ് നികുതി പിരിവിനെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ജി.എസ്.ടി യിൽ രജിസ്ട്രേഷൻ പരിധി 20 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ രജിസ്ട്രേഷനിൽ കുറവുണ്ടാകും. എന്നാൽ സേവന മേഖലയിലുള്ള വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കുമ്പോൾ ഈ കുറവ് നികത്തപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ അതു തരണം ചെയ്യാൻ എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത് .വിശദമാക്കുമോ? | (ഡി) | GST Council - ൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് 2015-16 ലെ നികുതി പിരിവിൽ 14% വർദ്ധനവ് കണക്കാക്കി സംസ്ഥാന സർക്കാരിന് നികുതി പിരിവിൽ കുറവുണ്ടാകുകയാണെങ്കിൽ ആദ്യത്തെ അഞ്ച് വർഷം പൂർണ്ണമായും നികത്താമെന്ന് കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**